ഉത്തരം

(എ&ബി) ഉണ്ട്.

(സി) പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

സർക്കാർ ആശുപത്രികളിൽ ജീവനക്കാരുടെ ഒഴിവുകൾ

96 (785) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും. കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ എത്ര തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്നുള്ള ഇനം തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിലെ ഒഴിവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

1. ബ്ലോക്ക് പി.എച്ച്.സി., വാമനപുരം

   പാർട്ട്ടൈം സ്വീപ്പർ - I

   ലേഡി ഹെൽത്ത് ഇൻസ്പെക്ടർ - I

   ഹെൽത്ത് ഇൻസ്പക്ടർ, ഗ്രേഡ് II - 2

2. പി.എച്ച്.സി., പുല്ലംപാറ

   പാർട്ട്ടൈം സ്വീപ്പർ - I

3. പി.എച്ച്.സി., മാണിക്കൽ

   പാർട്ട്ടൈം സ്വീപ്പർ - I

   ലാബ് ടെക്നീഷ്യൻ - I

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

4. സി.എച്ച്.സി., കല്ലറ

പാർട്ട്ടൈം സ്വീപ്പർ - I

ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II - I

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I - I

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II - I

5. സി.എച്ച്.സി., പാലോട്

ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II - 2

6. സി.എച്ച്.സി., കന്യാകുളങ്ങര

ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II - 2

ഹെൽത്ത് ഇൻസ്പെക്ടർ, ഗ്രേഡ് II - 1

ഹെൽത്ത് സൂപ്പർവൈസർ - 1

7. പി.എച്ച്.സി., ആനാട്

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഗ്രേഡ് I - 1

8. പി.എച്ച്.സി., വെമ്പായം

ഓഫീസ് അറ്റന്റന്റ് - 1

(ബി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എൻട്രി കേഡറിലെ ഒഴിവുകൾ (ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II, പാർട്ട്ടൈം സ്വീപ്പർ ഒഴികെ) മറ്റുള്ളവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II-ന്റെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി ലഭിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നികത്തുന്നതിന് ആവശ്യമായ നടപടികൾ പുരോഗമിക്കുന്നു.

സർക്കാർ ആശുപത്രികളിൽ അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ

97 (786) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ അസിസ്റ്റന്റ് സർജൻമാരുടെ (എൻട്രി കേഡർ) എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ജില്ല തിരിച്ച് അറിയിക്കുമോ ;